**July : 27**

# KGBEU OU ബുള്ളറ്റിൻ 36/2022

സഖാക്കളെ,

## വിഷയം: ചെയർമാനുമായി നടന്ന ചർച്ച

വിവിധ വിഷയങ്ങളിൽ സംഘടനാ പ്രതിനിധികൾ ചെയർമാനുമായി ചർച്ച നടത്തി.

1) ആശ്രിത നിയമനം: ബാങ്കിൽ ആശ്രിത നിയമനം പുനഃസ്ഥാപിച്ചതിനുശേഷം മൂന്ന് അപേക്ഷകൾ വന്നുവെങ്കിലും മൂന്നും നിരസിച്ചു. വേക്കൻസി ഇല്ല എന്ന കാരണം പറഞ്ഞ് ഛഅഠഉ കേഡറിലേക്കുള്ള ര് അപേക്ഷകളും ആവശ്യത്തിന് സ്വത്ത് ഉ് എന്ന് പറഞ്ഞ് OAST കേഡറിലേക്കുള്ള ഒരു അപേക്ഷയും ആണ് മടക്കിയത്. OATD കേഡറിൽ ജോലി ചെയ്തു കൊണ്ടിരിക്കെ മരണപ്പെട്ട സഖാവ് അശോകന്റെ കുടുംബവും ഇതിൽ ഉൾപ്പെടുന്നു. ജീവിക്കാൻ മറ്റു വഴികളില്ലാതെ വലിയ പ്രയാസം അനുഭവിക്കുന്ന അവരുടെ സാഹചര്യം ചെയർമാനു മുന്നിൽ ചൂണ്ടിക്കാട്ടി. പുനഃപരിശോധിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകി.

2) ബോണസിന് അർഹരായവർക്ക് ഇത് വരെ അത് നൽകിയിട്ടില്ല. അതുമായി ബന്ധപ്പെട്ട സർക്കുലർ ഉടൻ പുറത്തിറക്കണം എന്ന് നാം ആവശ്യപ്പെട്ടു. ബന്ധപ്പെട്ട വിംഗിൽ സംസാരിച്ച് വേണ്ടത് ചെയ്യാമെന്ന് ഉറപ്പ് നൽകി.

3) ശാഖകളിൽ ആവശ്യമായ ഫർണിച്ചറുകൾ നൽകുന്നില്ല എന്ന വിഷയം അതീവ ഗുരുത രമാണെന്ന് നാം ചെയർമാന് മുന്നിൽ അവതരിപ്പിച്ചു. ആവശ്യമായ സാധനങ്ങൾ വാങ്ങാൻ താൻ നേരത്തെ തന്നെ സമ്മതം കൊടുത്തതാണ് എന്ന് അദ്ദേഹം അറിയിച്ചു. എന്നാൽ ശാഖകളിൽ ഇരിക്കാൻ കസേര പോലും ലഭ്യമല്ലാത്ത അവസ്ഥയാണെന്നും അതിൽ ഇടപെടണമെന്നും അഭ്യർത്ഥിച്ചു. വേണ്ടത് ചെയ്യാം എന്ന് സമ്മതിച്ചു.

4) പെൻഷൻ ട്രസ്റ്റ് കാലാവധി കഴിഞ്ഞതിനാൽ re constitute ചെയ്യണമെന്നും സംഘടനാ പ്രതിനിധികളുടെ ലിസ്റ്റ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. വേണ്ട നിർദേശം കൊടുക്കാം എന്ന് അറിയിച്ചു.

5) HR ഇറക്കുന്ന TT ഓർഡറുകളുടെ കോപ്പി ജൂൺ മാസം മുതൽ സംഘടനയ്ക്ക്

നൽകുന്നില്ല. അത് ലഭ്യമാക്കാൻ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. വിഷയം എന്താണെന്ന് അറിയില്ല എന്നും GM ന്റെ ശ്രദ്ധയിൽപ്പെടുത്താം എന്നും അറിയിച്ചു.

6) ജോയിന്റ് കോൺഫറൻസ് കഴിഞ്ഞിട്ട് 4 മാസം പിന്നിട്ടിട്ടും മിനുട്സ് പുറത്തിറക്കാൻ മാനേജ്മെന്റിന് കഴിഞ്ഞിട്ടില്ല. ചില അലവൻസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനം ഉണ്ടാക്കുന്നതിനായി അൽപ്പം സമയം കൂടുതൽ വേണ്ടി വന്നുവെങ്കിലും അനാവശ്യമായ delay ആണ് നിലവിൽ ഉണ്ടായിരിക്കുന്നത്. എത്രയും പെട്ടെന്ന് ഇറക്കാൻ നിർദേശം കൊടുക്കാമെന്ന് അറിയിച്ചു.

(നേരത്തെ സെക്ഷനുകളിൽ നിന്നും GM ലെവലിലും തീരുമാനം ഉണ്ടായിക്കൊണ്ടിരുന്ന ചെറിയ കാര്യങ്ങൾക്കു വേണ്ടി പോലും ചെയർമാനെ കാണേണ്ടുന്ന ഗതികേടിലാണ് നമ്മുടെ ബാങ്ക് എത്തിച്ചേർന്നിരിക്കുന്നത്. ഇതും ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹത്തിന്റെ ശരീരഭാഷയും അത് അംഗീകരിക്കുകയായിരുന്നു.)

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ